കോ–ഓർഡിനേഷൻ കമ്മിറ്റി
കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com,  visit:www.kgbeuou.com

സർക്കുലർ നമ്പർ 23/2023

30.09.2023

# പണമിടപാട് സമയം വർദ്ധിപ്പിക്കുന്നു: കൃത്യമായ ചർച്ചയോ ധാരണയോ ഇല്ലാതെ

ഒക്ടോബർ മാസം മുതൽ നമ്മുടെ ബാങ്കിലെ പണമിടപാട് സമയം നാലു മണി വരെ നീട്ടാൻ മാനേജ്മെന്റ് തീരുമാനിച്ചിരിക്കുകയാണ്. അംഗീകൃത സംഘടനകളുമായി ഒരു തരത്തിലുള്ള ചർച്ചയോ മുന്നൊരുക്കമോ നടത്താതെ അനവസരത്തിലെടുത്ത  ഈ തീരുമാനത്തിൽ സംഘടന ശക്തമായി പ്രതിഷേധം രേഖപ്പെടുത്തുകയും AGM, GM എന്നിവരുമായി അഞ്ചു തവണ ചർച്ച നടത്തുകയും ചെയ്തു. അനുകൂലതീരുമാനം ഉണ്ടാകാത്തതിനാൽ ചെയർമാന് കത്തു നൽകുകയും അദ്ദേഹവുമായി ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും ചെയ്തു.

നാനൂറിലധികം ശാഖകളിൽ ഒരു ക്ലർക്ക് മാത്രമാണ് നിലവിലുള്ളത്. അതിൽ മഹാഭൂരിപക്ഷം ജീവനക്കാരും ക്യാഷ് ക്യാബിനിൽ ഇരുന്ന് കാഷ്യറുടെ ജോലിക്ക് പുറമെ മറ്റു പല ജോലികളും ചെയ്യുന്നത് കൊണ്ടാണ് രൂക്ഷമായ  സ്റ്റാഫ് ഷോർട്ടേജിനിടയിലും ദൈനം ദിന പ്രവർത്തനങ്ങൾ നടന്നു പോകുന്നത്. ഇതര ബാങ്കുകളിൽ നിന്നും വ്യത്യസ്തമായി നമ്മുടെ ബാങ്കിൽ കേഡർ വേർതിരിവ് ഇല്ലാത്തതിനാലാണ് വലിയ ഉത്തരവാദിത്തങ്ങൾ, സാങ്കേതികമായി ചെയ്യേണ്ടതില്ലാതിരുന്നിട്ടു പോലും നമ്മുടെ ജീവനക്കാർ ഏറ്റെടുക്കുന്നത്. പണമിടപാട് സമയം 3:30 വരെ ഉണ്ടായിരുന്നപ്പോൾ ഏറെക്കുറെ മറ്റു ജോലികൾ ചെയ്യാൻ തയ്യാറായിരുന്ന ക്യാഷ് ഡ്യൂട്ടി ചെയ്യുന്ന ക്ലറിക്കൽ  ജീവനക്കാരെ പുറകോട്ടടിപ്പിക്കുന്ന നടപടി ആയിരിക്കും സമയം വർദ്ധിപ്പിക്കുന്നത് വഴി ഉണ്ടാവുക എന്ന് നാം ചെയർമാനെ ധരിപ്പിച്ചു. ബോർഡ് തീരുമാനം എടുത്തു കഴിഞ്ഞതിനാൽ ഇനി ഒന്നും ചെയ്യാൻ കഴിയില്ല എന്ന നിലപാടിലാണ് ചെയർമാൻ നിൽക്കുന്നത്. മൂന്നു മണിക്കൂറോളം നീണ്ടുനിന്ന ചർച്ചയിൽ പുതിയ റിക്രൂട്ട്മെന്റ് നടപടികൾ പൂർത്തിയാകുന്നത് വരെയെങ്കിലും തീരുമാനം മാറ്റിവെക്കണമെന്ന ആവശ്യം നാം ഉന്നയിച്ചെങ്കിലും ബോർഡ് എടുത്ത തീരുമാനം തനിക്ക് ഒറ്റയ്ക്ക് മാറ്റം വരുത്താനുള്ള അധികാരം ഇല്ല എന്ന നിലപാടിൽ ചെയർമാൻ  ഉറച്ചു നിന്നു.

നമ്മുടെ ബാങ്കിലെ മറ്റ് മൂന്ന് സംഘടനകളുമായും  ഈ വിഷയത്തിൽ നാം ബന്ധപ്പെടുകയും അവരുടെ നിലപാട് എന്താണെന്ന് ആരായുകയും ചെയ്തു. ചർച്ച പോലും നടത്താതെ പണമിടപാട് സമയം നീട്ടിയ മാനേജ്മെന്റ് നടപടി ബാങ്കിനകത്തെ സൗഹൃദാന്തരീക്ഷം തകരാനിടയാവും എന്നതിനാൽ ഒരു പ്രക്ഷോഭത്തിനുള്ള സാധ്യത ഉണ്ടോ എന്ന അഭിപ്രായം കൂടി നാം എല്ലാവരോടും ചോദിച്ചു. എന്നാൽ അപ്രതീക്ഷിതമായതൊന്നും സംഭവിച്ചില്ല. കത്ത് കൊടുത്തും മെസ്സേജ് വഴിയും പ്രതിഷേധം രേഖപ്പെടുത്തിയതിൽ കവിഞ്ഞ് മറ്റൊന്നും അവരിൽ നിന്ന് പ്രതീക്ഷിക്കാനില്ല എന്ന തരത്തിൽ പ്രക്ഷോഭത്തിന് തങ്ങൾ തയ്യാറല്ല എന്ന വിവരമാണ് കിട്ടിയത്. എങ്കിലും ജീവനക്കാരെ തെറ്റിദ്ധരിപ്പിച്ചും അവാസ്തവമായ കാര്യങ്ങൾ പ്രചരിപ്പിച്ചും അവർ നമ്മളോരോരുത്തരുടെയിടയിലും വന്നേക്കാം. അപ്പോഴും എല്ലാവരും ഒറ്റക്കെട്ടായി അവരോട് ചോദിക്കണം, നിങ്ങളുടെ നിലപാടിൽ ആത്മാർത്ഥതയുണ്ടോ എന്ന്.

കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ രണ്ടുതവണ ഇതേ തീരുമാനം നടപ്പിലാക്കാൻ മാനേജ്മെന്റ് ശ്രമിച്ചിരുന്നു. എന്നാൽ അന്ന് അംഗീകൃത സംഘടനകളുമായി ചർച്ച ചെയ്യുകയും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാതെ ഈ തീരുമാനം നടപ്പിലാക്കാൻ ആലോചിക്കുന്നത് അപ്രായോഗികവും ബാങ്കിന് ദോഷവും ചെയ്യുമെന്ന് നാം മാനേജ്മെന്റിനെ കൃത്യമായി ബോധ്യപ്പെടുത്തി. അന്നും

kartine29.deviantart

സംസ്ഥാന സർക്കാർ നിർദേശിച്ചുവെന്നും SLBC advice ഇറക്കി എന്നുമൊക്കെ പറഞ്ഞപ്പോൾ സംഘടന നേരിട്ട് ആ സംവിധാനങ്ങളുമായി ബന്ധപ്പെടുകയും അപ്രായോഗികത അവരെ ബോധ്യപ്പെടുത്തുകയും ഉണ്ടായി. മാത്രവുമല്ല, സാങ്കേതികം പറയുമ്പോൾ ഈ വിഷയത്തിലെ IBA തീരുമാനം RRB കൾക്ക് ബാധകമല്ല എന്ന് അവരെ അറിയിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ അന്ന് നടപ്പിലാക്കാത്ത തീരുമാനമാണ് ചർച്ചപോലും ചെയ്യാതെ ഇന്ന് നടപ്പിലാക്കിയത്.

ഈ സാഹചര്യത്തിൽ, ഇടപാടുകാർക്ക് സൗകര്യപ്രദം ആകുമെന്ന വാർത്ത നിലവിലുള്ളതിനാൽ നമ്മുടെ പ്രതിഷേധം പൊതുസമൂഹത്തിലേക്ക് കൊണ്ടുപോകാൻ കഴിയുന്ന ഒന്നല്ല. എന്നാൽ, ഇടപാടുകാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന നിലവിലുള്ള മെച്ചപ്പെട്ട സേവനം ലഭ്യമാകുമോ എന്ന് നമുക്ക് ആശങ്കയുണ്ട് താനും.

മാനേജ്മെന്റ് സ്വന്തം തീരുമാനവുമായി മുന്നോട്ടു പോകുന്ന ഈ പശ്ചാത്തലത്തിൽ കാഷ്യർ ഡ്യൂട്ടി ചെയ്യുന്ന മുഴുവൻ ജീവനക്കാരും തങ്ങളുടെ ഡ്യൂട്ടിക്ക് പ്രഥമ പരിഗണന നൽകി മുന്നോട്ടുപോകണം എന്നാണ് നിർദ്ദേശിക്കാനുള്ളത്. സ്വാഭാവികമായും ഇന്നുവരെ കൂടുതൽ ഉത്തരവാദിത്തങ്ങൾ സ്വയം ഏറ്റെടുത്ത ജീവനക്കാർക്ക് അത്തരം ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ ബുദ്ധിമുട്ട് വന്നേക്കാം. അതിന്റെ ഉത്തരവാദികൾ മാനേജ്മെന്റ് മാത്രമായിരിക്കും.

**അഭിവാദനങ്ങളോടെ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 9847407673

kartine29.deviantart